ദിവസവേതനക്കാരായ ഡ്രൈവർമാരുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി

142 (434) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദിവസ വേതനക്കാരായ ഡ്രൈവർമാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ ആവശ്യം സർക്കാർ അനുകൂലമായി പരിഗണിക്കുമോ;

(സി) ഡ്രൈവർമാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ദിവസ വേതനം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം ദിവസവേതനത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്ര രൂപയുടെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്;

(എഫ്) ദിവസ വേതനത്തിൽ ജോലിചെയ്യുന്ന ഡ്രൈവർമാരുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) 200 രൂപ.

(ഡി) ഉണ്ട്.

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 140 രൂപയിൽ നിന്നും 170 രൂപയായും 170 രൂപയിൽ നിന്നും 200 രൂപയായും വർദ്ധിപ്പിച്ചു.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

സച്ചാർ കമ്മീഷൻ റിപ്പോർട്ട്

143 (435) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം ആവിഷ്ക്കരിച്ച പതിനഞ്ചിന കർമ്മ പരിപാടിയെക്കുറിച്ച് സംസ്ഥാന ഗവൺമെന്റിന് അറിവുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതോടനുബന്ധിച്ച് മദ്രസ്സകളിൽ ശാസ്ത്രീയ പഠനം നടപ്പാക്കുന്നതിന്റെ ഭാഗമായി ലൈബ്രറി വിപുലീകരണം, അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം, 6000 രൂപ പ്രതിമാസ ശമ്പളം എന്നീ പദ്ധതികൾക്കായി കേന്ദ്രം ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ ഫണ്ട് വിനിയോഗം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ഡി) സച്ചാർ കമ്മീഷൻ ശിപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി കേന്ദ്രഗവൺമെന്റിൽ നിന്നും ഇതേവരെ എന്ത് തുക ലഭിച്ചിട്ടുണ്ട്;

(ഇ) അത് വിനിയോഗിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ ആ പദ്ധതികൾ പ്രകാരം എന്ത് തുക വിനിയോഗിച്ചു;

(എഫ്) ഈ ഇനത്തിൽ എന്ത് തുക ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ടെന്നും ഏതൊക്കെ പദ്ധതികളുടേതാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം പതിനഞ്ചിന കർമ്മ പരിപാടി ആവിഷ്ക്കരിച്ചിട്ടുള്ളതായി അറിയില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിവരുന്ന ന്യൂനപക്ഷ ക്ഷേമത്തിനുള്ള വിവിധ പദ്ധതികളുടെ നേട്ടങ്ങൾ സമൂഹത്തിലെ താഴെക്കിടയിലുള്ള ജനങ്ങൾക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'പ്രധാനമന്ത്രിയുടെ പുതിയ പതിനഞ്ചിന പരിപാടി' എന്ന പദ്ധതി നിലവിലുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടി ചുവടെ ചേർക്കുന്നു:

A. ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കുള്ള അവസരങ്ങൾ :

1. ഐ.സി.ഡി.എസ്. സർവ്വീസുകളുടെ തുല്യമായ ലഭ്യത.
2. സ്കൂൾ വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകൽ.
3. ഉറുദു ഭാഷ പഠിപ്പിക്കുന്നതിന് കൂടുതൽ തുക ലഭ്യമാക്കുക.
4. മദ്രസ വിദ്യാഭ്യാസം ആധുനികവൽക്കരിക്കുക.
5. ന്യൂനപക്ഷ വിഭാഗങ്ങളിൽ സമർത്ഥരായ വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് നൽകുക.
6. മൗലാനാ ആസാദ് എഡ്യൂക്കേഷൻ ഫൗണ്ടേഷൻ മുഖേന വിദ്യാഭ്യാസ പദ്ധതികളുടെ നവീകരണം.

B. സാമ്പത്തിക ഔദ്യോഗിക കാര്യങ്ങളിലുള്ള പ്രവർത്തനം :

7. പാവപ്പെട്ടവർക്കായുള്ള സ്വയം തൊഴിലും വേതനം മുഖേനയുള്ള തൊഴിലും.
8. സാങ്കേതിക പരിജ്ഞാനത്തിൽകൂടി കഴിവ് വികസിപ്പിക്കുക.
9. സാമ്പത്തിക കാര്യങ്ങളിൽ ഉദാരമായ ലോണുകൾ മുഖേനയുള്ള പിന്തുണ.
10. സംസ്ഥാനകേന്ദ്ര/ സർക്കാർ സർവ്വീസിലേയ്ക്കുള്ള നിയമനം.

LIBRARY ARCHIVES Kerala Legislative Assembly

C. ന്യൂനപക്ഷ വിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങളുടെ പുരോഗമനം :

11. ഗ്രാമീണ ഭവന പദ്ധതികളിൽ നിയമാനുസരണമായ പങ്ക്.

12. ന്യൂനപക്ഷ വിഭാഗങ്ങൾ അധിവസിക്കുന്ന ചേരിപ്രദേശങ്ങളുടെ ഉന്നമനം.

13. സാമുദായിക സംഘട്ടനങ്ങൾ തടയുന്നതിനുള്ള മുൻകരുതലുകൾ.

14. സാമുദായിക കുറ്റങ്ങൾക്കെതിരെയുള്ള ശിക്ഷണ നടപടികൾ.

15. സാമുദായിക സംഘട്ടനങ്ങളിൽ ഇരയായവരുടെ പുനരധിവാസം.

(ബി) ഈ ഇനത്തിൽ ഫണ്ട് ഒന്നും അനുവദിച്ചിട്ടില്ല.

(സി) ഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) സച്ചാർ കമ്മീഷൻ ശിപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റിൽനിന്നും തുകയൊന്നും ലഭിച്ചിട്ടില്ല.

(ഇ&എഫ്) ബാധകമല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണനിർവ്വഹണം കാര്യക്ഷമമാക്കാൻ നടപടി

144 (436) ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി പി. അയിഷാപോറ്റി :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനും ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ നൽകുന്നതിനുള്ള സംവിധാനം എന്നത്തേക്ക് പ്രാവർത്തികമാകും എന്ന് വെളിപ്പെടുത്തുമോ;

(സി) തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) കെട്ടിട നികുതി, തൊഴിൽ നികുതി, വിവിധ ലൈസൻസുകൾ എന്നിവയുടെ വിവരങ്ങൾ വെബ്സൈറ്റ് വഴി നൽകി തുക ഇ-പേമെന്റ് സംവിധാനത്തിലൂടെ അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly